(ബി)(സി)&(ഡി) വിവരം ശേഖരിച്ചു വരുന്നു.

30 (318) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ സി.എ. മാരുടെ പ്രൊബേഷൻ

ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ രണ്ട് സി.എ. മാരുടെ പ്രൊബേഷൻ ഡിക്ളയർ ചെയ്യണമെന്നും ആ വിവരം ഗവണ്മെന്റിനെ അറിയിക്കണമെന്നും ധനകാര്യ വകുപ്പിന്റെ 2.7.1999 ലെ 21852/എസ്റ്റാ.ഡി1/99/ഫിൻ എന്ന കത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയുണ്ടായോ;

(ബി) ആരുടെ പ്രൊബേഷൻ ഡിക്ളയർ ചെയ്യുന്ന കാര്യത്തിലാണ് ഗവണ്മെന്റ് നിർദ്ദേശം നൽകിയത്;

(സി) ഇതനുസരിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അവരുടെ പ്രൊബേഷൻ ഡിക്ളയർ ചെയ്തുവോ;

(ഡി) ഇപ്രകാരം പ്രൊബേഷൻ ഡിക്ളയർ ചെയ്തപ്പോൾ അവരുടെ പ്രൊബേഷൻ കാലം രണ്ട് വർഷം വർദ്ധിപ്പിച്ചുവോ;

(ഇ) എന്തടിസ്ഥാനത്തിലാണ് അവരുടെ പ്രൊബേഷൻ കാലാവധി നീട്ടിയത്;

(എഫ്)പ്രൊബേഷൻ കാലാവധി നീട്ടിയതിനെതിരെ അവർ പരാതി നൽകിയിട്ടുണ്ടോ;

(ജി) എങ്കിൽ അതിന്മേൽ എന്ത് നടപടിയെടുത്തു?

ഉത്തരം

(എ) ഉണ്ട്.

(ബി) 1. എ. ആലീസ്കുട്ടി
2. ആർ. ലൈലാബീവി

(സി) ചെയ്തു.

(ഡി) വർദ്ധിച്ചു.

(ഇ) ഇവരുടെ ജോലിയും സ്വഭാവവും തൃപ്തികരമല്ല എന്ന ഡയറക്ടറുടെ അഭിപ്രായം അനുസരിച്ചാണ്.

(എഫ്) ഉണ്ട്.

(ജി) സർക്കാർ പരിശോധിച്ച് വരുന്നു.

31 (319) പെട്രോളിയം ഉല്പന്നങ്ങളുടെ വിലവർദ്ധന

ശ്രീ. ഇ.എം. അഗസ്തി :

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ ഗവണ്മെന്റ് നിലവിൽ വന്നശേഷം എപ്പോഴെല്ലാം പെട്രോളിയം ഉല്പന്നങ്ങൾക്ക് വിലവർദ്ധനവുണ്ടായിട്ടുണ്ട്;

(ബി) പെട്രോൾ, ഡീസൽ എന്നിവയുടെ നിലവിലുള്ള വിലയിൽ അവയുടെ ഓരോന്നിന്റെയും യഥാർത്ഥ വില, കേന്ദ്രനികുതികൾ, ഓരോ ഇനത്തിലുള്ള സംസ്ഥാന നികുതികൾ, സ്റ്റേറ്റ് സർചാർജ്ജ് മുതലായവ എത്രവീതമെന്ന് അറിയിക്കുമോ;

(സി) പെട്രോളിയം ഉല്പന്നങ്ങൾക്ക് കേന്ദ്രം ഒരു രൂപ വർദ്ധിപ്പിക്കുമ്പോൾ സംസ്ഥാനത്തുണ്ടാകുന്ന വിലവർദ്ധനവെത്രയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 1996 ജൂലൈ മാസത്തിലും 1997 സെപ്തംബറിലും 1999 ഒക്ടോബറിലും വിലവർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ബി)&(സി) പെട്രോൾ, ഡീസൽ എന്നിവയുടെ വില്പനവില നിശ്ചയിക്കുന്നത് ഓയിൽ കോ-ഓർഡിനേഷൻ കമ്മിറ്റിയാണ്. ഈ വില വിവിധ സംസ്ഥാനങ്ങളിൽ വ്യത്യസ്തമാണ്. പെട്രോളിന്റെ സംസ്ഥാന വില്പനനികുതി 17 ശതമാനവും ഡീസലിന്റേത് 15 ശതമാനവുമാണ്. ഇതിനു പുറമേ വിലപ്ന നികുതിയുടെ 10% സർചാർജ്ജും ഉണ്ട്. കൂടാതെ 4% ടേണോവർ ചുമത്തിവരുന്നു. (സർചാർജ്ജും ടേണോവർ ടാക്സും ഉപഭോക്താവിൽ നിന്നും ഈടാക്കാവുന്നതല്ല) സ്റ്റേറ്റ് സർചാർജ്ജ് എന്ന പേരിൽ സംസ്ഥാന സർക്കാർ നികുതിയൊന്നും ഈടാക്കുന്നില്ല.

32 (320) ഡീസലിന്റെ വിലവർദ്ധനവ്

ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീ. കെ. ബാബു :
ശ്രീ. വി. ബാലറാം :
ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1999 ഒക്ടോബറിൽ ഡീസലിന്റെ വില വർദ്ധിപ്പിച്ചതിനെതിരെ സംസ്ഥാന ഗവണ്മെന്റ് കേന്ദ്രത്തിൽ നിവേദനം നടത്തിയിട്ടുണ്ടോ;

(ബി) നിവേദനത്തിലെ ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു;

(സി) വിലവർദ്ധനവ് നിലവിൽ വന്ന് എത്ര ദിവസം കഴിഞ്ഞശേഷമാണ് ഈ നിവേദനം നൽകിയത്;

(ഡി) നിവേദകസംഘത്തിൽ ആരെല്ലാമുണ്ടായിരുന്നുവെന്നും നിവേദനത്തിന്റെ ഫലം എന്തായിരുന്നുവെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഡീസലിന്റെ വില വർദ്ധിപ്പിക്കുന്ന നടപടിയിൽനിന്നും കേന്ദ്രഗവണ്മെന്റ് പിന്തിരിയണമെന്നാണ് ആവശ്യപ്പെട്ടത്.

(സി) 19/11/1999 ലാണ് നിവേദനം നൽകിയത്.

(ഡി) നിവേദനസംഘം മുഖേന നിവേദനം നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly